# കേര കർഷകരെ രക്ഷിക്കാൻ അബ്കാരി നിയമത്തിൽ മാറ്റം വരുത്തണം -ടി.കെ. ജോസ്

കൊച്ചി: സംസ്ഥാനത്തെ കേര കർഷകരെ രക്ഷിക്കാൻ നിയമം മാറ്റിയെഴുതണമെന്ന് നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് അഭിപ്രായപ്പെട്ടു. നാളികേര വികസന ബോർഡിന്റെ 'നീര-സാധ്യതകൾ' സിമ്പോസിയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.



നാളികേര വികസന ബോർഡിന്റെ 'നീര-സാധ്യതകൾ' എന്ന സിമ്പോസിയത്തിൽ നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് സംസാരിക്കുന്നു

രാജഭരണ കാലത്ത് ദിവാൻ ഉണ്ടാക്കിയ നിയമത്തിൽ ചില്ലറ മാറ്റങ്ങൾ വരുത്തിയതാണ് കേരള അബ്കാരി ആക്ട്. നിയമത്തിൽ കള്ളിന്റെ നിർവചനത്തിൽ പറയുന്നത് തെങ്ങ്, പന, ഈന്തപ്പന തുടങ്ങിയ മരങ്ങളുടെ പൂക്കുലയിൽ നിന്നുത്പാദിപ്പിക്കുന്ന പുളിക്കുന്നതോ അല്ലാത്തതോ ആയ പാനീയങ്ങൾ എന്നാണ്. എന്നാൽ തെങ്ങിന്റെ പൂക്കുലയിൽ നിന്ന് നേരിട്ടുത്പാദിപ്പിക്കുന്ന നീരയിൽ ആൽക്കഹോളിന്റെ അംശമില്ല. പക്ഷെ നിയമപ്രകാരം നീര മദ്യഗണത്തിൽ പെടുന്നതുകൊണ്ട് മൂല്യവർധിത ഉത്പന്നങ്ങളുടെ ഗണത്തിൽ പെടുത്തി നീര ഉത്പാദിപ്പിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുകളേറെയാണ്. നിയമത്തിൽ മാറ്റം വരുത്തി നീരയെ വാണിജ്യാടിസ്ഥാനത്തിൽ വിൽപ്പന നടത്താൻ സാധിച്ചാൽ പ്രതിസന്ധി നേരിടുന്ന കേര കർഷകർക്ക് വലിയ ആശ്വാസമാകും.

ലോകത്ത് ഏറ്റവും കൂടുതൽ തേങ്ങ ഉത്പാദിപ്പിക്കുന്നത് ഇന്ത്യയിലാണ്. എന്നാൽ ആഗോള വിപണിയിൽ തേങ്ങ അനുബന്ധ ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിൽ ഫിലിപ്പീൻസും ഇന്തൊനീഷ്യയും ഇന്ത്യയേക്കാൾ മുന്നിലാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മഹാരാഷ്ട്രയുൾപ്പെടെയുള്ള പല സംസ്ഥാനങ്ങളിലും നീര ഉത്പാദിപ്പിക്കുന്നു, സിമ്പോസിയത്തിൽ കേരള കാർഷിക സർവകലാശാലയിലെ ഡോ. വി. കെ. രാജു, നാളികേര വികസന ബോർഡ് മാർക്കറ്റിങ് ഓഫീസർ ദീപ്തി നായർ, അസിസ്റ്റന്റ് മാർക്കറ്റിങ് ഓഫീസർ സെബാസ്റ്റ്യൻ കെ.എസ് തുടങ്ങിയവർ സംസാരിച്ചു. കർഷക സംഘം സംസ്ഥാന ട്രഷറർ ഗോപി കോട്ടമുറിക്കൽ, അഡ്വ. ചിത്രഭാനു തുടങ്ങിയവർ പങ്കെടുത്തു.